ചെറുകിട കർഷകരുടെ കാർഷിക കടങ്ങൾ

1265. [1902] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട കർഷകരുടെ കാർഷിക കടങ്ങൾ റദ്ദു ചെയ്യേണ്ടതു സംബന്ധിച്ച് ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വരൾച്ചയും വെള്ളപ്പൊക്കവുംമൂലം വായ്പയെടുത്ത് കൃഷി നടത്തിപോന്ന കൃഷിക്കാർ കൃഷി നശിച്ചതുമൂലം ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇത്തരക്കാരുടെ കാർഷിക കടങ്ങൾ റദ്ദു ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാർഷിക കടങ്ങൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് 5 ശതമാനംവരെ പലിശയിൽ സബ്സിഡിയനുവദിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ ടി കടങ്ങൾ റദ്ദു ചെയ്യാൻ സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ലാത്തതിനാൽ ബുദ്ധിമുട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലം വൻതോതിൽ കൃഷി നാശം സംഭവിക്കുന്ന അവസരത്തിൽ കർഷകർ എടുത്തിട്ടുള്ള കടങ്ങൾ തിരിച്ചടയ്ക്കുവാനുള്ള സമയപരിധി നീട്ടിക്കൊടുക്കാറുണ്ട്. എന്നാൽ ടി കടങ്ങൾ പൂർണ്ണമായും റദ്ദു ചെയ്യാൻ തൽക്കാലം നിർവ്വാഹമില്ല.

Arecanut Cultivation and Production

1266. [1903] **Dr. A. Subba Rao** : Will the Minister for Agriculture be pleased to state :

(a) What is the total area under Arecanut cultivation and production in the State, District-wise ;

(b) Whether the Government have any scheme to improve the productivity of Arecanut and if so what are the schemes ?

Answer

(a) The area and production of Arecanut in the State is given below :

	Name of District	Area (Ha.)	Production (Million nuts)
1.	Trivandrum	3268	377
2.	Quilon	3061	360
3.	Pathanamthitta	1334	212
4.	Alleppey	2138	157
5.	Kottayam	2328	251
6.	Idukki	2282	223
7.	Ernakulam	5727	1089
8.	Trichur	6201	1071
9.	Palghat	2170	372
10.	Malappuram	8300	1153
11.	Kozhikode	5374	1128
12.	Wynad	1115	190
13.	Cannanore	13480	2686
	Total	56778	9269

LIBRARY ARCHIVES Kerala Legislative Assembly

(b) A Scheme for control of Mahali disease is being implemented in the following districts :—

Trichur, Malappuram, Wynad, Calicut, Cannanore and Kasaragod. Under this Scheme subsidy for cost of chemical is provided.

റിവോൾവിംഗ് ഫണ്ട്

1267. [1905] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് രൂപീകരിച്ച റിവോൾവിംഗ് ഫണ്ട് ഇപ്പോഴും നിലവിലുണ്ടോ ;

(ബി) ഈ ഫണ്ടിൽ നിന്നും 1985-86, 1986-87 എന്നീ വർഷങ്ങളിൽ നൽകിയ സഹായങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1985-86-ൽ 45.06 ലക്ഷം രൂപയും 1986-87-ൽ 15.50 ലക്ഷം രൂപയും കൃഷി നശിച്ച കർഷകർക്ക് സഹായങ്ങൾ നൽകാൻ ചെലവഴിച്ചിട്ടുണ്ട്.

മെട്ടിസ്റ്റേറ്റർ കാഷ്യൂ പ്രോജക്ട്

1268. [1906] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച മെട്ടി സ്റ്റേറ്റർ കാഷ്യൂ പ്രോജക്ട് പൂർത്തിയാക്കുന്നതിനുള്ള സമയപരിധി എന്നുവരെയായിരുന്നു ;

(ബി) കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത പ്രോജക്ട് അനുസരിച്ചുള്ള പണി പൂർത്തിയാകാത്തതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1985 സെപ്റ്റംബർ 30 വരെ.

(ബി) 1985 സെപ്റ്റംബർ 30 വരെയുള്ള സമയപരിധിക്കുള്ളിൽ 10000 ഹെക്ടർ സ്ഥലത്ത് കശുമാവു കൃഷി നടത്തുവാൻ ലക്ഷ്യം ഇട്ടിരുന്നു. ഇതിൽ 8920-ഹെക്ടറിൽ മാത്രമേ കൃഷി നടത്തുവാൻ കഴിഞ്ഞുള്ളൂ. റബ്ബർ കൃഷിയിൽ കൃഷിക്കാർ കൂടുതൽ താൽപ്പര്യം കാണിക്കുന്നതുകൊണ്ടും കശുമാവു കൃഷിക്കുള്ള വായ്പ എടുക്കുന്നതിലുള്ള താൽപ്പര്യക്കുറവുകൊണ്ടും, അപേക്ഷകർ സ്ഥലം കൈമാറ്റം ചെയ്യുന്നതു കൊണ്ടുമാണ് മേൽപ്പറഞ്ഞ സമയ പരിധിക്കുള്ളിൽ, ഈ പദ്ധതി അനുസരിച്ചുള്ള പണി പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്.

കശുമാവു കൃഷിക്ക് സബ്സിഡി

1269. [1907] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കശുമാവു കൃഷി നടത്തുന്നതിന് ഹെക്ടറിന് എത്ര രൂപയാണ് സബ്സിഡി ഇനത്തിൽ നൽകുന്നത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട് ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly